# ഗവ. എൽ. പി. എസ്
# മേൽകടയ്ക്കാവൂർ

## അക്കാഡമിക് മാസ്റ്റർ പ്ലാൻ

## 2025-26





# ആമുഖം

ചിറയിൻകീഴ് ഗ്രാമപഞ്ചായത്തിൽ 3-ാം വാർഡിൽ പ്രവർത്തിച്ചുവരുന്ന പ്രാഥമിക വിദ്യാലയമാണ് ഗവ. എൽ.പി.എസ്. **മേൽകടയ്ക്കാവൂർ.** ഈ വാർഡിലെ ഒരേയൊരു സർക്കാർ വിദ്യാലയമാണിത്. സ്റ്റാലിൻ മുക്ക്, തിനവിള, ചിറമൂല, മേൽകടയ്ക്കാവൂർ തുറങ്ങിയ പ്രദേശത്തുനിന്നും വരുന്ന കുട്ടികളാണ് ഇവിടെ പഠിക്കുന്നത്. ഈ സ്കൂളിൽ പഠിച്ച് സമൂഹത്തിന്റെ ഉന്നത നിലകളിൽ എത്തിച്ചേർന്നവർ അനവധിയാണ്. എന്നാൽ അൺഎയ്ഡഡ് വിദ്യാലയങ്ങളുടെ കടന്നു കയറ്റം, ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ അതിപ്രസരം എന്നിവ ഈ വിദ്യാലയത്തിന് ഭീഷണിയായിരിക്കുന്നു.

ഭൗതീക സാഹചര്യങ്ങൾ ഇനിയും മെച്ചപ്പെടേണ്ടതാണ്. എസ്.എസ്.ജി-യുടെ പ്രവർത്തനം, ഇനിയും മെച്ചപ്പെടേണ്ടതുണ്ട്. സ്കൂൾ വികസന സമിതിയുടേയും പി.റ്റി.എ, എസ്.എം.സി, എം.പി.റ്റി.എ എന്നിവയുടെ സഹായത്തോടെ ഈ സരസ്വതി ക്ഷേത്രം സംരക്ഷിക്കപ്പെടേണ്ടത് ഈ നാടിന്റെ വിദ്യാഭ്യാസത്തിന് അത്യാവശ്യമാണ്.

# സ്കൂൾ ചരിത്രം

മേൽകടയ്ക്കാവൂർ അടീക്കലെത്തു വീട്ടിൽ ശ്രീമാൻ. വേലുക്കറുപ്പ് 1914–ൽ ഈ സ്കൂൾ സ്ഥാപിച്ചു. തിരുവിതാംകൂർ പ്രജാസഭയിൽ ചിറയിൻകീഴ് താലൂക്കിനെ പ്രതിനിധീകരിച്ച ആളായിരുന്ന ഇദ്ദേഹം. 1950 – കാലഘട്ടത്തിൽ ഈ സ്കൂൾ സർക്കാർ ഏറ്റെടുത്തു. സർക്കാരിൽ നിന്നും പ്രതിഫലം കൈപ്പറ്റാതെ അന്നത്തെ സ്കൂൾ മാനേജരായിരുന്ന അടീക്കലെത്തു വീട്ടിൽ ജി. ജനാർദ്ദനക്കറുപ്പ് സ്കൂൾ വിട്ടുകൊടുത്തു. ആദ്യകാലത്ത് കേശവ വിലാസം എന്ന പേരിൽ സ്കൂൾ അറിയപ്പെട്ടിരുന്നതായി പറയപ്പെടുന്നു. ശ്രീമതി. ചെല്ലമ്മയമ്മ (അടീക്കലെത്തു വേലുക്കറുപ്പിന്റെ അനന്തിരവൾ) യായിരുന്നു ഈ സ്കൂളിലെ ആദ്യ വിദ്യാർഥികളിൽ ഒരാൾ. ആദ്യത്തെ ഹെഡ്മാസ്റ്റർ ശ്രീ.ഗോപാലനാശാരിയായിരുന്നുവെന്ന് കരുതപ്പെടുന്നു. വെറും ഓലപ്പുരയിൽ ആരംഭിച്ച പള്ളിക്കൂടം ഇന്ന് വലിയ ഓടിട്ട കെട്ടിടങ്ങളും ഒരു വാർത്ത കെട്ടിടവും, കമ്പ്യൂട്ടർ ലാബ്, ലൈബ്രറിയും, പാചകപ്പുര, ടൈൽ ഇട്ട ക്ലാസ്സ് മുറികൾ, ടോയ്‌ലറ്റ് എന്നീ സൗകര്യങ്ങളും ഉണ്ട്. എന്നാൽ ഇന്ന് ഈ സ്കൂൾ കുട്ടികളുടെ എണ്ണത്തിൽ വളരെ ശോചനീയമായ അവസ്ഥയിലാണ്.

# അധ്യാപകരും വിവരങ്ങളും
# 2025-26

| | |
|---|---|
| സുമ. ജെ | HM |
| ജീന. R | മലയാളം, സ്റ്റാഫ് സെക്രട്ടറി<br>ലൈബ്രറി, ഗാന്ധിദർശൻ, എനർജി ക്ലബ് |
| രേഷ്മ. M | വിദ്യാരംഗം, SRG<br>കാർഷികം ,സാമൂഹ്യ ശാസ്ത്രം |
| ശ്യാമചന്ദ്രൻ | സയൻസ്, ഗണിതം, സഞ്ചയ്ക<br>ഹരിത ക്ലബ് |
| ഗൗരി. R | ഇംഗ്ലീഷ്, IT<br>കായികം, WE<br>ലഹരി വിമുക്ത ക്ലബ് |

# പൊതു ലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.

2. എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, [illegible] ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.

3. 'ഓരോ കുട്ടിയും ഒന്നാമനാണ്' എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി, കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കും.

4. വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിനാവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങളൊരുക്കും.

5. ആധുനിക സാങ്കേതികവിദ്യാസാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസ്സ്മുറികളിൽ ഉപയോഗിക്കുന്നതിന് അധ്യാപകരെ ശാക്തീകരിക്കും. അതുവഴി മെച്ചപ്പെട്ട പഠനാനുഭവങ്ങൾ കുട്ടികൾക്ക് ഉറപ്പുവരുത്തും.

6. സയൻസ് ലാബ്, കമ്പ്യൂട്ടർ ലാബ് തുടങ്ങിയവ ആധുനികവത്കരിക്കും.

7. ഓരോ ടേമിലും കുട്ടികൾ നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി അച്ചടിച്ച് രക്ഷിതാക്കൾക്ക് നൽകും. ഇതിനായി വ്യക്തിഗത പി.ടി.എ./കോർണർ പി.ടി.എ.കൾ ചേരും.

8. ഒന്നാം ക്ലാസ് മുതൽ 5ാം ക്ലാസ് വരെയുള്ള മുഴുവൻ കുട്ടികൾക്കും അക്കാദമിക സപ്പോർട്ടിനായി പാഠഭാഗങ്ങൾക്കനുസൃതമായി വർക്ക്ഷീറ്റുകൾ എസ്.ആർ.ജി.യുടെ നേതൃത്വത്തിൽ ലഭ്യമാക്കും.

9. 'വിദ്യാലയം ഒരു പാഠപുസ്തകം' എന്ന ആശയം മുൻനിർത്തി അറിവുനിർമ്മാണ ഇടങ്ങളായി വിദ്യാലയ പരിസരങ്ങൾ മാറ്റും.

10. ആശയ പ്രകടനശേഷി വർദ്ധിപ്പിക്കാൻ സഹായകരമായ രീതിയിൽ വിദ്യാലയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും. അപകർഷതാബോധം ഒഴിവാക്കി 'ആക്ടീവായ' വിദ്യാർത്ഥി സമൂഹത്തെ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഒരുക്കും.

11. ജൈവവൈവിധ്യ കലവറയായി വിദ്യാലയത്തെ മാറ്റുക.

12. മാലിന്യ മുക്ത വിദ്യാലയം.ഹരിത പെരുമാറ്റച്ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം, വേസ്റ്റ് മാനേജ്മെന്റ്, മലിനജല നിർമ്മാർജനം തുടങ്ങിയവ കൃത്യമായി നടപ്പാക്കൽ.

13. കൃഷി, ഔഷധത്തോട്ടം, ഉദ്യാനം എന്നിവ മികച്ച രീതിയിൽ പരിപാലിക്കുന്നതിന് വിദ്യാർത്ഥി സംഘങ്ങൾ രൂപീകരിക്കൽ

14. വിദ്യാലയം ഹൈടെക്കാക്കി മാറ്റുക.

15. പോക്സോ സംബന്ധമായ ബോധവൽക്കരണം.

26. രാസ ലഹരി, മൊബൈൽ അഡിക്ഷൻ തുടങ്ങിയവയ്ക്കെതിരെ മുൻകരുതലുകൾ.

# അക്കാദമിക ഭൗതിക നേട്ടങ്ങൾ -പരിമിതികൾ

| നേട്ടങ്ങൾ | പരിമിതികൾ |
|---|---|
| • അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന മികവുറ്റ അധ്യാപക സമൂഹം. | • മുഴുവൻ കുട്ടികൾക്കും ഭാഷാശേഷി, ഗണിത ശേഷി എന്നിവ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. |
| • ആധുനിക രീതിയിൽ നവീകരിച്ച ശിശു സൗഹൃദമായ കെട്ടിട സമുച്ചയം | • മികച്ച ലൈബ്രറി സംവിധാനങ്ങൾ ഉണ്ടെങ്കിലും സ്വതന്ത്രമായി കുട്ടികൾക്ക് ഇടപെടാനുള്ള അവസരമില്ല. സയൻസ് ലാബ് പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടാനുണ്ട്. |
| • മികച്ച ലൈബ്രറി, കമ്പ്യൂട്ടർ പഠന സൗകര്യം. | • വായനക്ക് നല്ല പ്രോത്സാഹനം വിദ്യാലയം നൽകുന്നുവെങ്കിലും നന്നായി പുസ്തകം വായിക്കുന്ന കുട്ടികളുടെ എണ്ണം കുറവാണ്. വായനയിലേക്ക് കുട്ടികളെ നയിക്കാൻ സാധിച്ചിട്ടില്ല. |
| • 'ഓരോ കുട്ടിയും ഒന്നാമനാണ്' പദ്ധതി കുട്ടികളുടെ കഴിവും അഭിരുചിയും പരിഗണിച്ച് പരിശീലനം ലഭ്യമാക്കുന്നു. | • മത്സരപരീക്ഷയിൽ പ്രത്യേകിച്ച് പൊതുവിജ്ഞാനമേഖലയിൽ കുട്ടികളുടെ പിന്നോക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്. |
| • കലാപഠനം, പ്രവൃത്തിപരിചയപഠനം, കായികപഠനം എന്നിവയ്ക്ക് പ്രത്യേക പരിശീലനം | • ഐ.ടി. അധിഷ്ഠിത പഠനം എന്ന നിലയിലേക്ക് ക്ലാസ്സും പ്രവർത്തനങ്ങളൊരുക്കാനായിട്ടില്ല. എല്ലാ അധ്യാപകർക്കും സാധിച്ചിട്ടില്ല. |
| • പഠനത്തിൽ പിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് പ്രത്യേക പിന്തുണ പ്ര[illegible] | • കുട്ടികളുടെ പഠന പിന്നാക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്. |
| • പ്രത്യേക പരിഗണനയും പിന്തുണയും അർഹിക്കുന്നവർക്കുള്ള വ്യക്തിഗത സപ്പോർട്ട് | • IED കുട്ടികളുടെ പഠനപിന്തുണാ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ട്. |
| • സർഗ്ഗാത്മക വേദികൾ, ആശയപ്രകടന വേദികൾ, ജനാധിപത്യ വേദികൾ എന്നിവ പ്രോത്സാഹിപ്പിക്കുന്ന വിദ്യാലയം. | • ആധുനിക രീതിയിലുള്ള കമ്പ്യൂട്ടർ ലാബ് ഉണ്ടെങ്കിലും കുട്ടികളുടെ എണ്ണത്തിനാവശ്യമായ കംപ്യൂട്ടറുകളുടെ എണ്ണത്തിലുള്ള കുറവ് .സ്ഥിരതയുള്ള ഇന്റർനെറ്റ് കവറേജ് ഇല്ലാത്തത് പഠന പ്രവർത്തനങ്ങൾ ict യുമായി ബന്ധിപ്പിച്ചു നല്കാൻ പ്രയാസം നേരിടുന്നു .കെ -ഫോൺ കണക്ഷൻ അതുവരെ ലഭ്യമാക്കിയിട്ടില്ല . |
| • പാഠ്യേതര പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ തുടങ്ങിയവ മികവുറ്റ രീതിയിൽ നടപ്പാക്കുന്നു. | |
| • കാർഷിക പ്രവൃത്തികൾ, ജൈവ വൈവിധ്യ അന്തരീക്ഷം എന്നിവ കുട്ടികൾക്ക് പ്രദാനം ചെയ്യൽ. | |

# ലക്ഷ്യങ്ങൾ

## ഭാഷാ വികസനം

1. എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
2. എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസ്സുകൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ആശയവിനിമയശേഷി നേടി എന്നുറപ്പുവരുത്തുക.
3. കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.
4. സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.
5. ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.
6. ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തുക.
7. മികച്ച വായനാശീലം വളർത്തുക.

## ഇംഗ്ലീഷ്

1. ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളേയും പ്രാപ്തരാക്കുക.
2. ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം ഒരുക്കുക.
3. സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക.
4. സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക.
5. സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക.
6. ആശയാവതരണ രീതിയിലൂടെ അടിസ്ഥാന ഭാഷാ ശേഷികൾ നേടാൻ സചിത്ര നോട്ട് ബുക്കിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുക
7. ക്ലാസ്സ് തല വായന മൂല ,സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക .
8. ഹലോ ഇംഗ്ലീഷ് മാതൃകയിൽ പാഠഭാഗങ്ങൾ അവതരിപ്പിക്കാൻ ആവശ്യമായ റിസോഴ്സുകൾ തയ്യാറാക്കാനായി രക്ഷിതാക്കളുടെ സഹായത്തോടെ നിർമാണ വർക്ക് ഷോപ്പുകൾ ആസൂത്രണം ചെയ്യുക .

## പരിസര പഠനം

1. ശാസ്ത്രപഠനത്തിൽ താൽപര്യം വളർത്തുക. ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.
2. ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവം ഒരുക്കുക.
3. ശാസ്ത്ര പ്രക്രിയാശേഷികൾ വികസിപ്പിക്കുക. ആധുനിക ശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക.
4. ആധുനിക സൗകര്യങ്ങളോടെ ലാബ് സജ്ജമാക്കുക.
5. ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക.
6. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യാ സാധ്യതകൾ ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക.

## സാമൂഹികാവബോധം

1. ജനാധിപത്യ വേദികൾ ഒരുക്കുക.
2. സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക.
3. ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക.
4. ദിനാചരണങ്ങൾ, ബോധവൽക്കരണ പരിപാടികൾ, ചർച്ചകൾ, സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കൽ

## ഗണിതം

1. അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
2. ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
3. ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്നുറപ്പാക്കുക.
4. ആധുനിക സാങ്കേതികവിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക.
5. ഗണിതചിന്ത, യുക്തിചിന്ത, വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

## ഐ സി ടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ

1. വിവരസാങ്കേതികവിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.
2. അറിവ് നിർമ്മാണ പ്രക്രിയയിൽ വിവരസാങ്കേതികവിദ്യയുടെ അനന്ത സാധ്യതകൾ ഉപയോഗപ്പെടുത്തുക.
3. കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക

## പ്രവൃത്തി പരിചയം

1. നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
2. പാഴ്‌വസ്തുക്കളിൽനിന്ന് പഠനോപകരണങ്ങളോ, പ്രയോജനപകരമായ ഉൽപ്പന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.
3. ഇതര വിഷയങ്ങളുമായി/പഠനവുമായി പ്രവൃത്തിപരിചയാനുഭവത്തെ ബന്ധിപ്പിക്കുക.

## കലാപരിശീലനം

1. കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുക.
2. കലാഭിരുചി വളർത്തുക.
3. ഓരോ കുട്ടിയുടേയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക.
4. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ കലാപഠനത്തിൽ ഉപയോഗപ്പെടുത്തുക.
5. 'ഓരോ കുട്ടിയും ഒന്നാമനാണ്' എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലനപരിപാടികൾ ഒരുക്കുക.

## ആരോഗ്യ കായിക വിദ്യാഭ്യാസം

1. മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഏത് ലക്ഷ്യം കൈവരിക്കുന്നതിന് പ്രാപ്തരാക്കുക.
2. എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കുക.
3. ആരോഗ്യ ശീലങ്ങൾ വളർത്തുക.
4. ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഉണ്ടാക്കുക.
5. ക്യാമ്പസിനെ മാലിന്യമുക്തമാക്കുക, ഹരിതാഭമാക്കുക.

# പ്രവർത്തന പദ്ധതികൾ

## മലയാളം

പ്രവർത്തനം : 1
പേര് : **പുസ്തകം എന്റെ ചങ്ങാതി**
ഉപമേഖല വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക | പുസ്തകങ്ങൾ ലൈബ്രറിക്ക് മുന്നിൽ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നതിനായി പ്രദർശിപ്പിക്കുന്നു. ലഘുവിവരണവും പ്രദർശിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം (രണ്ട് പുസ്തകം) | ആനന്ദൻ മാഷ് | 1000 |

പ്രവർത്തനം : 2
പേര് : **എന്റെ പിറന്നാൾ പുസ്തകം**
ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറി ലഭ്യമാക്കുന്നു. 'പിറന്നാൾ പുസ്തകം' പരിപാടിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 3
പേര് : **ഉച്ചഭാഷിണി വായന**
ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അർഥപൂർണ്ണമായി വായിക്കാൻ കുട്ടികൾക്ക് കഴിയുന്നു. | ഉച്ചഭാഷിണിയിലൂടെ ഒരു ദിനം ഒരു കുട്ടിയുടെ വായന | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |

**പ്രവർത്തനം :** 4
**പേര്** : **അക്ഷരക്കൂട്ടം (വായനാകോർണർ)**
**ഉപമേഖല** : **വായന**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക<br><br>റീഡേഴ്സ് തിയേറ്റർ | ഒഴിവുസമയങ്ങളിൽ വായിക്കുവാൻ ഓരോ ക്ലാസ്സ്മുറികളിലും പ്രത്യേകം വായനാ കോർണർ ഒരുക്കുന്നു.<br>ക്ലാസ്സ്റൂം പ്രക്രിയകളിൽ ഇതിന്റെ സാധ്യത പരമാവധി പ്രയോജനപ്പെടുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | സ്കൂൾ ലൈബ്രറി കമ്മറ്റി<br><br>ക്ലാസ്സ്ടീച്ചർ | 4000 |

**പ്രവർത്തനം :** 5
**പേര്** : **സ്കൂൾ ലൈബ്രറി**
**ഉപമേഖല** : **വായന**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | സ്കൂൾ ലൈബ്രറി വിപുലീകരിച്ചു ലൈബ്രറി സജ്ജമാക്കൽ.<br>സ്കൂൾ ലൈബ്രേറിയനെ നിയമിക്കൽ | ജൂൺ മുതൽ മാർച്ച് വരെ | പി.ടി.എ.<br><br>പ്രാദേശിക ക്ലബ്ബ്കൾ | 5000 |

**പ്രവർത്തനം :** 6
**പേര്** : **ക്ലാസ്തല കയ്യെഴുത്ത് മാഗസിൻ**
**ഉപമേഖല** : **ലേഖനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരിക്കുന്ന തിനുള്ള കഴിവ് നേടുക | ഓരോ മാസത്തിലെ പഠന പ്രവർത്തനങ്ങളിലെ മികച്ച പ്രവർത്ത നങ്ങൾ ഉൾക്കൊള്ളിച്ച് ക്ലാസ്തല കയ്യെഴുത്ത് മാഗസിൻ ഒരുക്കൽ | എല്ലാ മാസവും | ക്ലാസ്സ് ടീച്ചർ | 2000 |

പ്രവർത്തനം : 7

പേര് : **ക്ലാസ്സ് തല പതിപ്പുകൾ**

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരിക്കുന്നതിനുള്ള കഴിവ് നേടുക | വിദ്യാലയവിശേഷങ്ങൾ ക്ലാസിലെ വിവരങ്ങൾ പങ്കുവെക്കുന്ന ക്ലാസ്തല പതിപ്പുകൾ ഒരുക്കൽ | എല്ലാ മാസവും | ക്ലാസ്സ് ടീച്ചർ | 1500 |

പ്രവർത്തനം : 8

പേര് : **എന്റെ വായനാ കുറിപ്പുകൾ**

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളേയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക | വായിച്ച പുസ്തകങ്ങളെക്കുറിച്ചുള്ള വായനാക്കുറിപ്പ് തയ്യാറാക്കൽ (ചെറിയ ക്ലാസിൽ വായനാകാർഡ്) വായനാകുറിപ്പിനുള്ള പുസ്തകം വിദ്യാലയം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | 3000 |

പ്രവർത്തനം : 9

പേര് : **കയ്യെഴുത്തു മാസികകൾ ,പ്രിന്റഡ് മാഗസിൻ**

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്ക് സർഗ്ഗാത്മക രചനകൾക്കുള്ള അവസരമൊരുക്കൽ | കുട്ടികളുടെ രചനകൾ പ്രസിദ്ധീകരിക്കൽ (ചുമർചിത്രം, കയ്യെഴുത്ത് മാഗസിൻ ഇവയിൽ നിന്ന്) | ഒരോ ടേമിലും<br>പ്രിന്റഡ് മാഗസിൻ വർഷത്തിൽ ഒന്നു | വിദ്യാരംഗം ഭാഷാക്ലബ്ബ്<br>പരസ്യം വഴി ഫണ്ടിംഗ് | 15000 |

പ്രവർത്തനം : 10

പേര് : **രചനോത്സവം**

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരിക്കുന്നതിനുള്ള കഴിവ് നേടുക | അധ്യാപകർ തയ്യാറാക്കിയ വ്യവഹാര രൂപങ്ങളുടെ മാതൃകകൾ ലഭ്യമാക്കി വ്യവഹാര രൂപങ്ങൾ മാറ്റിയെഴുതൽ | ജൂൺ മുതൽ മാർച്ച് വരെ | ഭാഷാ ക്ലബ്ബ് | 2000 |

പ്രവർത്തനം : 11

പേര് : സർഗ്ഗവേള

ഉപമേഖല : പ്രകടന വേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക | വായിച്ച പുസ്തകങ്ങളെക്കുറിച്ചുള്ള വായനാക്കുറിപ്പ് തയ്യാറാക്കൽ (ചെറിയ ക്ലാസിൽ വായനാകാർഡ്) വായനാകുറിപ്പിനുള്ള പുസ്തകം വിദ്യാലയം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | 3000 |

പ്രവർത്തനം : 12

പേര് : ആശയാവതരണ രീതിയിലൂടെ സചിത്ര പാഠങ്ങൾ രൂപീകരിയ്ക്കുക

ഉപമേഖല : ആശയഗ്രഹണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയവിനിമയ ശേഷി കൈവരിക്കൽ | പഠന പിന്നാക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം | ജൂൺ, ജൂലൈ | നിഷാന , ഖൈറുന്നിസ , സ്വാലിഹ ,ആനന്ദൻ | 3000 |

പ്രവർത്തനം : 13
പേര് : **പാട്ടരങ്ങ്**
ഉപമേഖല : **ഭാഷാ സമൃദ്ധി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാവപ്രകടനം, ശബ്ദപ്രയോഗം, സംഗീതാത്മകത തുടങ്ങിയ വൈവിധ്യങ്ങളിലൂടെ ഭാഷാജ്ഞാനവും ആത്മവിശ്വാസവും വളർത്തുക. | കുട്ടികൾ ആസ്വദിക്കുന്ന പാട്ടുകൾ പഠിപ്പിച്ച് അതിന്റെ അവതരണം ഘടിപ്പിക്കുന്നു. രാഗ-താളങ്ങളുമായി അനുബന്ധിക്കുന്ന ഭാവങ്ങൾ അവതരിപ്പിപ്പിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | സ്കൂൾ<br>ഭാഷാ ക്ലബ്<br>ക്ലാസ്സ്ടീച്ചർ | 4000 |

പ്രവർത്തനം : 14
പേര് : **നാട്ടുവിശേഷം കൂട്ടെഴുത്ത്**
ഉപമേഖല : **ലേഖനാവിഭാവനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എഴുത്തിനൈപുണ്യം, സമഗ്ര ചിന്താശേഷി, ശരിയവിവേകബോധം എന്നിവ വികസിപ്പിക്കുക. | കുട്ടികളുടെ നാട്ടുപരിചയത്തെ ആസ്പദമാക്കി കൂട്ടായി ഒരു ലേഖനം രൂപപ്പെടുത്തുന്നു. കുട്ടികൾക്ക് അനുഭവങ്ങൾ പങ്കുവെക്കാനും ആലോചനകൾ എഴുതാനും അവസരം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | പി.ടി.എ<br>പ്രാദേശിക ക്ലബ്ബ്കൾ | 5000 |

പ്രവർത്തനം : 15
പേര് : **റീഡേഴ്സ് തിയേറ്റർ**
ഉപമേഖല : **വായനാവളർത്തൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായനാതാൽപര്യവും അഭിനയം വഴി വ്യക്തിത്വവികസനവുമാണ് പ്രധാന ലക്ഷ്യം. | കുട്ടികൾക്ക് അഭിനയത്തോടെ വായന ചെയ്യാൻ പരിശീലനം നൽകുന്നു. കഥാനായകർ, സംഭാഷണശൈലി, ശബ്ദവ്യത്യാസം എന്നിവ ഉപയോഗിച്ച് അഭിനയം വായനയുടെ അവതരണം നടത്തുന്നു. | എല്ലാ മാസവും | ക്ലാസ്സ് ടീച്ചർ | 2000 |

പ്രവർത്തനം : 16
പേര് : **ഭാഷോത്സവം**
ഉപമേഖല : **ഭാഷാ കാഴ്ചവത്ക്കരണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷയുടെ വിവിധ ആശയവിനിമയ രൂപങ്ങൾ മനസ്സിലാക്കുക, ഭാഷാനൈപുണ്യം പ്രകടിപ്പിക്കുക. | ഭാഷാ പ്രസംഗം, കഥപറയൽ, കവിതാപാരായണം, കോലജ്ജുകൾ, ഭാഷാ പോസ്റ്ററുകൾ എന്നിവയുടെ പങ്കാളിത്തത്തിലൂടെ കുട്ടികൾക്ക് ഭാഷാമികവ് പ്രകടിപ്പിക്കാൻ അവസരം . | ജൂൺ മുതൽ മാർച്ച് വരെ | സ്കൂൾ ഭാഷാ ക്ലബ് ക്ലാസ്സ്ടീച്ചർ | 4000 |

പ്രവർത്തനം : 17
പേര് : **അരങ്ങത്തേക്ക്**
ഉപമേഖല : **അവതരണശേഷി വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആത്മവിശ്വാസം വർദ്ധിപ്പിക്കുകയും വേദികളിൽ ആശയവിനിമയമറിയിക്കാൻ സഹായിക്കുക. | കുട്ടികൾ പഠിച്ചിട്ടുള്ള സന്ദർഭങ്ങൾ, കഥകൾ, സംവാദങ്ങൾ തുടങ്ങിയവയെ ആസ്പദമാക്കി അവതരണവും പ്രകടനവുമുള്ള ഒരു ക്ലാസ് അരങ്ങ് ഒരുക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | പി.ടി.എ. പ്രാദേശിക ക്ലബ്ബുകൾ | 5000 |

# ഇംഗ്ലീഷ്

പ്രവർത്തനം : 1
പേര് : ഇംഗ്ലീഷ് അസംബ്ലി
ഉപമേഖല : പ്രകടനവേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകൽ | ആഴ്ചയിൽ ഒരുദിനം കുട്ടികൾതന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ക്ലബ്ബ് | |

പ്രവർത്തനം : 2
പേര് : ഇംഗ്ലീഷ് ഡയറി (3,4ക്ലാസ്സുകളിൽ )
ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് രചന മെച്ചപ്പെടുത്തുന്നതിന് ഇംഗ്ലീഷിലുള്ള | ഓരോ ദിവസത്തെയും വീട്ടിലെയും വിദ്യാലയത്തിലെയും അനുഭവങ്ങൾ ഇംഗ്ലീഷിൽ എഴുതുക. | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 3
പേര് : ഇംഗ്ലീഷ് ബുള്ളറ്റിൻ (3,4 ക്ലാസ്സുകളിൽ )
ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരമൊരുക്കുക. | ഓരോ മാസവും ഏതെങ്കിലും വിഷയത്തെക്കുറിച്ച് ഇംഗ്ലീഷിൽ ബുള്ളറ്റിൻ ഒരുക്കു.<br>ജൂൺ - പരിസ്ഥിതി<br>ജൂലൈ - ചന്ദ്രൻ<br>ആഗസ്ത് - സ്വാതന്ത്ര്യദിനം<br>സെപ്തംബർ - ഓണം<br>ഒക്ടോബർ - ഗാന്ധി<br>നവംബർ - കേരളം<br>ഡിസംബർ - ക്രിസ്തുമസ്<br>ജനുവരി - ന്യൂഇയർ | ഓരോ മാസവും | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 4

പേര് : Reading Card Work Shop

ഉപമേഖല : വായനാ സാമഗ്രി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് കുട്ടികളെ പ്രാപ്തരാക്കുക. | രക്ഷിതാക്കളെ ഉപയോഗിച്ച് ഇംഗ്ലീഷ് റീഡിംങ് കാർഡ് നിർമ്മിക്കൽ | ജൂൺ | ഇംഗ്ലീഷ് ക്ലബ്ബ് | 1000 |

പ്രവർത്തനം : 5

പേര് : Work Sheet Work Shop

ഉപമേഖല : അധ്യാപക ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മുഴുവൻ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടുക. | ഭിന്നനിലവാരക്കാരായ കുട്ടികൾക്കായി വർക്ക്ഷീറ്റുകൾ തയ്യാറാക്കുന്നു. അധ്യാപകരുടെ നേതൃത്വം | ജൂലൈ | എസ്. ആർ.ജി. | 4000 |

# ഗണിതം

പ്രവർത്തനം : 1
പേര് : ഗണിത വർക്ക് ഷീറ്റ് ശില്പ ശാല
ഉപമേഖല : വർക്ക്ഷീറ്റ് തയ്യാറാക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ പഠന നേട്ടങ്ങൾക്കും എല്ലാ കുട്ടികളേയും അർഹരാക്കുക. | എല്ലാ ക്ലാസ്സ് യൂണിറ്റിലേക്കും പഠന നേട്ടങ്ങൾ ബന്ധപ്പെടുത്തി വർക്ക്ഷീറ്റ് തയ്യാറാക്കൽ | ഓരോ ടേമിന്റെയും തുടക്കത്തിൽ | SSG | 4000 |

പ്രവർത്തനം : 2
പേര് : ഗണിതലാബ് (ഗണിതമധുരം)
ഉപമേഖല : ഗണിത കേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികൾക്കും എത്തിക്കുക. | കുട്ടികൾക്ക് സ്വതന്ത്രരായി ഇടപഴകാൻ സഹായകമായ തരത്തിൽ ഗണിത ലാബ് സജ്ജമാക്കൽ | | സ്കൂൾ മാനേജ്മെന്റ് | 15000 |

പ്രവർത്തനം : 3
പേര് : ഗണിതമൂല
ഉപമേഖല : ഗണിത കേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളിലും ആർജ്ജിക്കുന്നതിന് | മുഴുവൻ ക്ലാസിലും ഗണിതമൂലകൾ ക്രമീകരിക്കൽ. (മഞ്ചാടി, കളിനോട്ട് കാർഡുകൾ തുടങ്ങിയവ) | ജൂൺ | ക്ലാസ്സ് ടീച്ചർ | 2000 |

**പ്രവർത്തനം : 4**
**പേര് : യൂണിറ്റ് വിലയിരുത്തൽ**
**ഉപമേഖല : യൂണിറ്റ് ടെസ്റ്റ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ ക്ലാസിലും കൈവരിക്കേണ്ട ഉള്ളടക്കപരമായ ധാരണ കൈവരിക്കുന്നുവെന്ന് ഉറപ്പാക്കൽ | ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണ്ണയം നടത്തി. പരിഹാര ബോധനം ഉറപ്പുവരുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |

**പ്രവർത്തനം : 5**
**പേര് : ഗണിതക്ലാസ് പി. ടി. എ.**
**ഉപമേഖല : സി. പി. ടി. എ ശാക്തീകരണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷി നേടി എന്നുറപ്പാക്കൽ | ഓരോ ക്ലാസിലും ഗണിതപാഠങ്ങളിലെ H.W. പ്രവർത്തനങ്ങൾ രക്ഷിതാക്കൾക്ക് ലിസ്റ്റ് ചെയ്തു നൽകുന്നു. പിന്തുണാ സംവിധാനം രക്ഷിതാക്കൾ ഒരുക്കുന്നു. | ഓരോ ടേമിലും | ക്ലാസ്സ് ടീച്ചർ | |

**പ്രവർത്തനം : 6**
**പേര് : ഗണിതം മധുരം**
**ഉപമേഖല : ഗണിത കേളി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കൽ | ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠനപദ്ധതി ആസൂത്രണം ചെയ്യൽ. ക്യാമ്പുകൾ, ശില്പശാലകൾ | ജൂൺ മുതൽ ആഗസ്ത് വരെ | ക്ലാസ്സ് ടീച്ചർ | |

# പരിസര പഠനം

**പ്രവർത്തനം :** 1
**പേര്** : ശാസ്ത്ര പഠനോപകരണ ശില്പ ശാല
**ഉപമേഖല** : ലാബ് ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പ്രക്രിയ ശേഷികൾ വികസിപ്പിക്കുക | ഓരോ ക്ലാസിനും അനുയോജ്യമായ പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾക്കിണങ്ങുംവിധം ശില്പശാലകൾ, ഷോപ്പുകൾ സംഘടിപ്പിക്കൽ | ഓരോ ടേമിലും | ക്ലാസ്സ് ടീച്ചർ | 4000 |

**പ്രവർത്തനം :** 2
**പേര്** : എന്റെ പരീക്ഷണം (കുറിപ്പ് തയ്യാറാക്കൽ) നാലാം ക്ലാസ്സ്
**ഉപമേഖല** : ശാസ്ത്ര അവബോധം വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രപഠന താത്പര്യം വളർത്തുക, ശാസ്ത്രാവബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക | പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കുന്ന തരത്തിൽ പരീക്ഷണകുറിപ്പ് തയ്യാറാക്കൽ | എല്ലാമാസത്തിലും | ക്ലാസ്സ് ടീച്ചർ | |

**പ്രവർത്തനം :** 3
**പേര്** : പരീക്ഷണകിറ്റ്
**ഉപമേഖല** : നിരീക്ഷണ പ്രവർത്തനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രപ്രക്രിയാശേഷികളുടെ വളർച്ചക്കിണങ്ങുംവിധമുള്ള പ്രവർത്തനങ്ങൾ ഒരുക്കുക | മുഴുവൻ കുട്ടികൾക്കും ( 3,4 ക്ലാസ്) ശാസ്ത്ര പരീക്ഷണങ്ങൾക്കിണങ്ങുംവിധം ആവശ്യമായ വസ്തുക്കൾ ശേഖരിച്ച് സൂക്ഷിക്കുന്നതിന് പരീക്ഷണക്കിറ്റ് തയ്യാറാക്കൽ | മാർച്ച് ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | 3000 |

| | | | | |
|---|---|---|---|---|
| പ്രവർത്തനം : 4<br>പേര് : **പരീക്ഷണോത്സവം**<br>ഉപമേഖല : **ശാസ്ത്രാന്വേഷണം** | | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| ശാസ്ത്രവിഷയങ്ങളിലേക്കുള്ള താത്പര്യവും മനശാസ്ത്രപരമായ ഉത്സാഹവും വളർത്തുക. | ക്ലാസ്സ് മുറികളിൽ ശാസ്ത്രപ്രയോഗങ്ങൾ കാണിച്ച് അർത്ഥമാക്കുന്നതും കുട്ടികൾക്ക് അതിൽ പങ്കാളികളാകുന്നതുമാണ് പരീക്ഷണോത്സവത്തിലൂടെ ലക്ഷ്യം. | എല്ലാ മാസവും | ക്ലാസ്സ് ടീച്ചർ<br>ശാസ്ത്ര ക്ലബ് | 2000 |

## രസാലഹരി, മൊബൈൽ അഡിക്ഷൻ

| | | | | |
|---|---|---|---|---|
| പ്രവർത്തനം : 1<br>പേര് : **ലഹരി :- രാസ ലഹരി, മൊബൈൽ അഡിക്ഷൻ**<br>ഉപമേഖല : **ശാരീരിക, മാനസിക ആരോഗ്യ ബോധവൽക്കരണം** | | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| കുട്ടികളിൽ മോശം ആസക്തികളെ കുറിച്ചുള്ള ബോധവും പ്രതിരോധശേഷിയും വളർത്തുക. | ബോധവൽക്കരണ ക്ലാസുകൾ, വീഡിയോകളിലൂടെ പ്രഭാഷണം, ഉപദേശകസംവാദങ്ങൾ, പോസ്റ്റർ നിർമ്മാണം, കടപ്പാട് പ്രകടനങ്ങൾ എന്നിവയുടെ വഴി വഴി കുട്ടികളിൽ ബോധം വളർത്തുന്നു. | അധ്യായന തുടക്കത്തിൽ | ആരോഗ്യ വകുപ്പ്, പോലീസ് SITC | |
| | | | | |

# സാമൂഹികാവബോധം

**പ്രവർത്തനം :** 1
**പേര്** : അതിഥിയെ അറിയൽ
**ഉപമേഖല** : സാമൂഹ്യ അവബോധം വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചർച്ചകൾ സംവാദങ്ങൾ അഭിമുഖങ്ങൾ ഇവയിലൂടെ സാമൂഹികമായ അറിവുകൾ നേടുന്നതിന് | പ്രാദേശികമായി ലഭ്യമായ ആളുകളുമായി അഭിമുഖത്തിന് അവസരമൊരുക്കൽ. ചർച്ചകൾ, സംവാദങ്ങൾ , ക്ലാസ് തലത്തിൽ സംഘടിപ്പിക്കൽ | ഓരോ മാസത്തിലും | ക്ലാസ്സ് ടീച്ചർ | 2000 |

**പ്രവർത്തനം :** 2
**പേര്** : പ്രാദേശിക അറിവ്
**ഉപമേഖല** : നാട്ടറിവ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നമ്മുടെ നാടിന്റെ ചരിത്രം മനസിലാക്കുന്നതിന് സാംസ്കാരികമായ അതിന്റെ തനിമ നിലനിർത്തുന്നതിന് | നാടിന്റെ ചരിത്രം തേടി പ്രാദേശിക അന്വേഷണങ്ങൾ നടത്തുകയും ശിൽപശാലകൾ നടത്തുകയും ചെയ്യുക. | നവംബർ | SSG | |

**പ്രവർത്തനം :** 3
**പേര്** : ഫീൽഡ് ട്രിപ്പ്
**ഉപമേഖല** : പൊതു സ്ഥാപനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹത്തിന്റെ മുന്നോട്ട് പോക്കിന് സഹായകമാകുന്ന സാമൂഹ്യ സ്ഥാപനങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിന് | പോലീസ് സ്റ്റേഷൻ, പോസ്റ്റോഫീസ്, പഞ്ചായത്ത്, വില്ലേജ്, ആശുപത്രി മുതലായവയിലേക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ. | ഓരോ മാസത്തിലും | ക്ലാസ്സ് ടീച്ചർ | 2000 |

# വിവര സാങ്കേതിക വിദ്യ

പ്രവർത്തനം : 1

പേര് : **വിവര സാങ്കേതിക വിദ്യയിൽ പരിശീലനം**

ഉപമേഖല : അധ്യാപക ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവര സാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക | പാഠഭാഗവുമായി ബന്ധപ്പെട്ട I.C.T. സാധ്യതകൾ ശേഖരിക്കൽ. പരിചയപ്പെടുത്തൽ. ( സമഗ്ര പ്രവർത്തനങ്ങളിൽ പങ്കാളികളാകൽ) | ഓരോ മാസത്തിലും | SITC | |

പ്രവർത്തനം : 2

പേര് : **I T ലാബ്**

ഉപമേഖല : കമ്പ്യൂട്ടർ വിജ്ഞാനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള അവസരം | IT ,ICT പ്രവർത്തനങ്ങൾ/ പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ | ജൂൺ - ആഗസ്റ്റ് | SITC | |

## പ്രവൃത്തി പരിചയം

**പ്രവർത്തനം : 1**
**പേര് : പ്രവൃത്തി പരിചയശിൽപശാല**
**ഉപമേഖല : നിർമ്മാണ കഴിവുകൾ വികസിപ്പിക്കുക**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. നിർമ്മാണത്തിനുള്ള കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക. | പ്രവൃത്തി പരിചയ ഇനങ്ങളിൽ കുട്ടികൾക്ക് പരിശീലനം ലഭ്യമാക്കൽ. നിർമ്മാണം ചന്ദനത്തിരി, പാവ, ചോക്ക് etc. | സെപ്തംബർ | ക്ലാസ്സ് ടീച്ചർ | 2000 |

**പ്രവർത്തനം : 2**
**പേര് : പേപ്പർ ബാഗ് നിർമാണം**
**ഉപമേഖല : പ്ലാസ്റ്റിക് രഹിത ക്യാമ്പസ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 2. നിർമ്മാണാത്മക കഴിവുകൾ എല്ലാകുട്ടികളിലും വികസിപ്പിക്കുക. | പേപ്പർ ബാഗ് നിർമാണംപരിശീലനം വിദ്യാലയത്തിൽ ആരംഭിക്കുക. | ജൂൺ - മാർച്ച് | SSG | |

**പ്രവർത്തനം : 3**
**പേര് : ഒറിഗാമി**
**ഉപമേഖല : കരകൗശല പരിശീലനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇതര വിഷവുമായി പഠനവുമായി പ്രവൃത്തിപരിചയാനുഭവത്തെ ബന്ധിപ്പിക്കുക. | ഒറിഗാമിയിൽ അധ്യാപകർക്ക് പരിശീലനം നൽകൽ. പാഠഭാഗത്തെ നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ പരിശീലനം ലഭ്യമാക്കൽ | ജൂലൈ | റിസോഴ്സ് പേർസൺ | 2,000 |

# സർഗ വേദി

പ്രവർത്തനം : 1
പേര് : സർഗവേദി
ഉപമേഖല : പ്രകടനവേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കലാഭിരുചി വളർത്തുക. (കുട്ടികളുടെ സർഗാത്മക കഴിവുകൾ | ആഴ്ചയിൽ ഒരുദിവസം എല്ലാ ക്ലാസിലും സർഗവേദി നടത്തൽ.<br>നേതൃത്വം: വിദ്യാർത്ഥികൾ | എല്ലാ ആഴ്ചയിലും | CT<br>SRG | |

പ്രവർത്തനം : 2
പേര് : ടാലെന്റ് ലാബുകൾ
ഉപമേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ളപരിശീലന പരിപാടികൾ ഒരുക്കുക | നൃത്തം ,ആലാപനം ,ചിത്ര രചന , ക്രാഫ്റ്റ് വർക്ക് , പെയിന്റിംഗ് മേഖലകളിൽ കുട്ടികൾക്ക് പരിശീലനം. | എല്ലാ മാസത്തിലും | SRG<br>PTA | 3000 |

## ആരോഗ്യ – കായിക – വിദ്യാഭ്യാസം

**പ്രവർത്തനം :** 1
**പേര് :** കായികാരോഗ്യം
**ഉപമേഖല :** എയറോബിക്സ് എക്സെർസൈസ്സ് ,ഫുട്ബോൾ കോച്ചിങ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി, അവരെ ഏത് ലക്ഷ്യവും കൈവരിക്കുന്നതിന് പ്രാപ്തരാക്കുക. | ഫുട്ബോൾ കോച്ചിങ് ക്യാമ്പ് , സ്കിപ്പിംഗ് പരിശീലനം , ബാറ്റ്മിന്റൺ ,അത്‌ലറ്റിക് പരിശീലനം | ജൂൺ - മാർച്ച് | HM<br>SRG<br>PTA | 10,000 |

**പ്രവർത്തനം :** 2
**പേര് :** ഹെൽത്ത് ചെക്ക് അപ്പ്
**ഉപമേഖല :** ആരോഗ്യം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| -<br>എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പുവരുത്തുക. | എല്ലാ കുട്ടികൾക്കും ആരോഗ്യ ക്ഷമത ഉറപ്പു വരുത്താനായി ആദ്യ ടെർമിൽ ഹെൽത്ത് ചെക്ക് അപ്പ് | ജൂൺ - സെപ്തംബർ | PTA | -<br>3,000 |

**പ്രവർത്തനം :** 3
**പേര് :** കായിക വിദ്യാഭ്യാസം – അധ്യാപക ശിൽപശാല
**ഉപമേഖല :** അധ്യാപക ശാക്തീകരണം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| -<br>ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരം | PT പീരേഡിൽ ഫിസിക്കൽ എക്സെസൈസ്, ഗെയിംസ്, എന്നി നൽകുന്നതിന് ക്ലാസ് ടീച്ചർക്ക് പരിശീലനം നൽകൽ | ജൂൺ - മാർച്ച് | SRG | 1,000 |

## തനത് പ്രവർത്തനം
## വായനപ്പുര -വേറിട്ട വായന

2025-26 അദ്ധ്യയന  വർഷത്തെ  GLPS മേൽകടക്കാവൂരിന്റെ
തനതു പ്രവർത്തനമായി ചെയ്യാൻ
ഉദ്ദേശിക്കുന്നത് വായനപ്പുര ഒരുക്കലാണ്.
അതിൽ രക്ഷകർത്താക്കളെയും
കുട്ടികളെയും അധ്യാപകരെയും
ഉൾപ്പെടുത്തി എല്ലാവർക്കും
വായനയ്ക്കുള്ള സാഹചര്യം ഒരുക്കലാണ്.
അതുപോലെ കുട്ടികളുടെ എല്ലാ വിഷയവുമായി
ബന്ധപ്പെട്ട പഠനോൽപ്പന്നങ്ങൾ പ്രദർശിപ്പിക്കാനും
വായനപ്പുരയിൽ സ്ഥലം സജ്ജീകരിച്ചിട്ടുണ്ട്.
വായനയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ
മികച്ച വായനക്കാരായ കുട്ടികൾ ഒഴിവുസമയങ്ങളിൽ
വായനപുരയിൽ വായനയിൽ സഹായിക്കുന്നു

അസംബ്ലിയിൽ കുട്ടികൾ വായിച്ച പുസ്തകങ്ങൾ അവതരിപ്പിക്കുന്നു.
ഗണിതവുമായി ബന്ധപ്പെട്ട ആശയങ്ങളും പുസ്തകങ്ങളും
വായനപ്പുരയിൽ
സജ്ജീകരിച്ചിട്ടുണ്ട്. കണക്കിലെ
ക്രിയകളോടൊപ്പം ഗണിതാചാര്യന്മാരെ കുറിച്ചും
കുട്ടികൾ വായിച്ച് മനസ്സിലാക്കുന്നു.
വായന പുരയിൽ പ്രദർശിപ്പിച്ചിട്ടുള്ള
ചിത്രങ്ങളും ഇതിന് ഏറെ പിന്തുണ നൽകുന്നു

പുസ്തകങ്ങളുടെ ക്രമീകരണം
വായനപ്പുരയെ ഏറെ ആകർഷകമാക്കുന്നു.
സ്വതന്ത്രമായ തിരഞ്ഞെടുപ്പിനും വായനയ്ക്കും
പുസ്തക ക്രമീകരണം ഏറെ സഹായകമാണ്.
ഇംഗ്ലീഷ് ഭാഷയ്ക്കും വായനപ്പുരയിൽ
പ്രത്യേകം ഇടമുണ്ട്. ഇംഗ്ലീഷ് പുസ്തകങ്ങൾ വായിച്ച്
കുട്ടികൾ റോൾപ്ലേ സ്കിറ്റ് തുടങ്ങിയവ
അവതരിപ്പിക്കുന്നു.

ആഴ്ചയിൽ ഒരിക്കൽ കുട്ടികൾക്ക്
കഥ പറഞ്ഞു കൊടുക്കുന്ന ഒരു
പരിപാടിയും സംഘടിപ്പിച്ചിട്ടുണ്ട്.
ഉത്തമ ഗ്രന്ഥങ്ങളെ കണ്ടെത്തി
പാഠഭാഗവുമായി ബന്ധിപ്പിക്കാനും
ദിനാഘോഷങ്ങൾ ആസൂത്രണം ചെയ്യാനും
വായനപ്പുര സഹായിക്കുന്നു.
ഒഴിവുസമയങ്ങൾ വായനപ്പുര സജീവമാണ്.
സർഗാത്മക കഴിവുകൾ പ്രദർശിപ്പിക്കാനുള്ള
വേദിയായും വായനപ്പുരയെ ഉപയോഗിക്കാം.

വീട്ടിൽ വാർത്ത കേൾക്കാൻ
ശീലമില്ലാതിരുന്ന കുട്ടികൾക്ക്
ഉച്ചഭക്ഷണത്തിനുശേഷം വാർത്ത കാണുന്നതിനുള്ള
സൗകര്യം വായനപ്പുരയിൽ ഒരുക്കിയിട്ടുണ്ട്

വായനപ്പുരയിലെ സോഷ്യൽ സയൻസ് കോർണറിൽ
കുട്ടികൾക്ക് മാതൃകകൾ നിർമ്മിക്കാനും
ലഘു ശാസ്ത്ര പരീക്ഷണങ്ങൾക്കുള്ള
വേദിയായും വായനപ്പുരയെ ഉപയോഗിക്കാം.
അങ്ങനെ നിരവധി സൗകര്യങ്ങൾ
വായനപ്പു രയിൽ ഒരുക്കാം.
വായനപ്പുര ഒരുക്കലിലൂടെയും
ഇത്തരം പ്രവർത്തനങ്ങളിലൂടെയും
മികച്ച ഒരു മാറ്റം കൈവരിക്കാൻ
നമ്മുടെ സ്കൂളിന് കഴിയും.

# .. ഉപസംഹാരം

വിദ്യ എന്ന മഹാസാഗരത്തിനു മുന്നിൽ എത്ര വലിയ സമ്പന്നനും മുങ്ങിപ്പോകും. ആ മഹാസാഗരത്തിന് അരികിലൂടെയല്ല, ആ സാഗരത്തിൽ നീന്തി തുടിക്കാൻ ഞങ്ങളുടെ ഓരോ കുട്ടികളെയും പ്രാപ്തരാക്കുക എന്നതാണ് ഈ അക്കാദമിക് മാസ്റ്റർ പ്ലാനിന്റെ ലക്ഷ്യം. കുട്ടികളിൽ അവസ്ഥാപഠനം നടത്തി അവരിലെ പ്രശ്നങ്ങൾ കണ്ടെത്തിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. വിദ്യാലയത്തിലേയ്ക്ക് എത്തിയ അവസാന കുട്ടിയെയും മികവിലേയ്ക്ക് ഉയർത്തുകയാണ് അക്കാദമിക മാസ്റ്റർ പ്ലാനിന്റെ ആദ്യന്തികമായ ലക്ഷ്യം. എസ്. ആർ. ജി യിൽ തയ്യാറാക്കിയ അക്കാദമിക മാസ്റ്റർ പ്ലാൻ എസ്. എം. സി, പി. ടി. എ, മദർ പി. ടി. എ എന്നിവയുടെ സംയുക്തയോഗത്തിൽ അവതരിപ്പിച്ച് ചർച്ച ചെയ്താണ് അന്തിമ രൂപം തയ്യാറാക്കിയിരിക്കുന്നത്. വിദ്യാലയത്തിനുള്ളിൽ മാത്രം ഒതുങ്ങി നിൽക്കാതെ സാമൂഹിക പാരിസ്ഥിതിക അറിവ് കൂടി കുട്ടികൾ സ്വായത്തമാക്കുക എന്നതും മാസ്റ്റർ പ്ലാനിന്റെ ലക്ഷ്യമാണ്.

പഠന വിടവും പഠന നഷ്ടവും പരിഹരിക്കാൻ പര്യാപ്തമായ പ്രവർത്തനങ്ങൾ മനപൂർവ്വമായി ഈ മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഓരോ വിദ്യാർത്ഥിക്കും തുല്യതയോടെ അതാത് തലങ്ങളിലുള്ള പഠനനേട്ടങ്ങൾ ആധുനിക സങ്കേതങ്ങളെ പരമാവധി പ്രയോജനപ്പെടുത്തി ആസ്വാദ്യകരമാക്കി ലഭിക്കുന്ന വിധത്തിൽ നല്ല പഠനാന്തരീക്ഷവും പഠന രീതികളും നടപ്പിലാക്കി അവസാനത്തെ കുട്ടിയെയും മികവിലേയ്ക്കുയർത്താൻ കഴിയും എന്നതാണ് ഈ മാസ്റ്റർ പ്ലാനിന്റെ പ്രത്യേകത.

"ഒരു വിദ്യാർത്ഥിയുടെ ഏറ്റവും പ്രധാനപ്പെട്ട സ്വഭാവങ്ങളിൽ ഒന്ന് ചോദ്യം ചെയ്യുക എന്നതാണ്. വിദ്യാർത്ഥികൾ ചോദ്യങ്ങൾ ചോദിക്കട്ടെ" - എ.പി.ജെ. അബ്ദുൽകലാം

ഞങ്ങളുടെ കുരുന്നുകളും ഇത്തരത്തിൽ ചോദ്യങ്ങൾ ചോദിച്ചും, നിരീക്ഷിച്ചും അനുഭവിച്ചറിഞ്ഞും, കണ്ടറിഞ്ഞും മനസിലാക്കി വളരട്ടെ